ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23-07-2024**

## പ്രധാനവാർത്ത

1) ജനപ്രിയ പ്രഖ്യാപനങ്ങളും നികുതി ഘടനയിൽ പരിഷ്കരവുമായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ ഏഴാമാത് ബജറ്റ്. അടിസ്ഥാന സൗകര്യ വികസനത്തിന് 11 ലക്ഷം കോടി വകയിരുത്തി.

2) ആദായ നികുതിഘടന പരിഷ്കരിച്ചു. മൂന്ന് ലക്ഷം രൂപവരെ വാർഷികവരുമാനമുള്ളവർക്ക് പുതിയ നികുതി സമ്പ്രദായത്തിൽ നികുതിയില്ല. മൂന്ന് മുതൽ ഏഴുലക്ഷം വരെ വരുമാനത്തിന് അഞ്ച് ശതമാനം നികുതി.

3) കാർഷിക- അനുബന്ധ മേഖലകൾക്കായി 1.52 ലക്ഷം കോടി രൂപ വകയിരുത്തി. രാജ്യമെമ്പാടുമുള്ള ഒരു കോടി കർഷകർക്ക് പ്രകൃതിദത്ത കൃഷിയിൽ സർട്ടിഫിക്കേഷൻ, ബ്രാൻഡിംഗ് എന്നിവക്ക് സഹായം.

4) ഗ്രാമീണ വികസനത്തിന് 2.66 ലക്ഷം കോടി രൂപ കേന്ദ്ര ബജറ്റിൽ വകയിരുത്തി. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ ഗ്രാമങ്ങളിലും നഗരങ്ങളിലുമായി മൂന്ന് കോടി വീടുകൾ കൂടി നിർമിക്കും.

5) നാല് കോടി യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഒരുക്കാൻ നൈപുണ്യവികസന പദ്ധതി. ഒരു കോടി വിദ്യാർഥികൾക്ക്

RNU TVPM

ഇന്റേൺഷിപ്പ് അവസരം. 5,000 രൂപ സ്റ്റൈപ്പന്റും 6,000 രൂപ ഒറ്റത്തവണയായും നൽകും.

6) വനിതാ ശാക്തീകരണ പദ്ധതികൾക്ക് 3 ലക്ഷം കോടി. മൊബൈൽ ഫോണുകൾക്കും, ചാർജറുകൾക്കും.ക്യാൻസർ രോഗത്തിനുള്ള മൂന്ന് മരുന്നുകൾക്ക് കൂടി കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കി.

*****************************************************************

**ബജറ്റ് ജനറൽ**

ജനപ്രിയ പ്രഖ്യാപനങ്ങളും നികുതി ഘടനയിൽ പരിഷ്കരവുമായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ ഏഴാമാത് ബജറ്റ്. മോദി സർക്കാരിനെ മൂന്നാമതും തെരഞ്ഞെടുത്തതിന് ജനങ്ങൾക്ക് നന്ദി അറിയിച്ചുകൊണ്ടാണ് ധനമന്ത്രി നിർമ്മല സീതാരാമൻ ബജറ്റ് പ്രസംഗം ആരംഭിച്ചത്. 80 കോടി ജനങ്ങൾക്ക് ഗരീബ് കല്യാൺ അന്ന യോജന തുടരുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു. എൻപിഎസ് വാത്സല്യ - പ്രായപൂർത്തി ആകാത്ത മക്കൾക്കായി രക്ഷിതാക്കളുടെ നിക്ഷേപ പദ്ധതി.

RNU TVPM

*****************************************************************

**ബജറ്റ് -പ്രമേയം**

തൊഴിൽ, നൈപുണ്യ വികസനം, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, ഇടത്തരക്കാർ എന്നിവയിൽ ശ്രദ്ധയൂന്നുന്ന ബജറ്റ് ആണ് ധനമന്ത്രി അവതരിപ്പിച്ചത്. 4.1 കോടി യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനും തൊഴിലിനും മറ്റ് അവസരങ്ങൾക്കുമായി അഞ്ച് പദ്ധതികളുടെ പാക്കേജ് നടപ്പിലാക്കും. 2 ലക്ഷം കോടി രൂപയുടെ പാക്കേജ്, അഞ്ച് വർഷ കാലയളവിലാകും നടപ്പിലാക്കുക. ഒൻപത് മുൻഗണനാ മേഖലകൾ ധനമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചു.

കാർഷിക മേഖലയിലെ ഉത്പാദന ക്ഷമതയും, ദുരന്തപ്രതികരണ ശേഷിയും, തൊഴിലും നൈപുണ്യ വികസനവും, എല്ലാവരെയും

ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാനവശേഷി വികസനവും സാമൂഹിക നീതിയും, നിർമ്മാണ-സേവന മേഖല, നഗര വികസനം, ഊർജ സുരക്ഷ, അടിസ്ഥാന സൗകര്യങ്ങൾ, നൂതന ആശയങ്ങളും ഗവേഷണവും, അടുത്ത തലമുറ പരിഷ്കാരങ്ങൾ എന്നിങ്ങനെയുള്ള മുൻഗണനാ വിഷയങ്ങളാണ് ബജറ്റ് ഉയർത്തിക്കാട്ടിയത്.

*******************************************************************

ബജറ്റ് -ടാക്സ്

ജിഎസ് ടി ലളിതമാക്കും. ആദായ നികുതി നിയമത്തിൽ സമഗ്ര പരിഷ്കാരം. ടി ഡി എസ് സംവിധാനം ലളിതമാകും. കോർപറേറ്റ് നികുതി കുറച്ചു. ആദായ നികുതി ഇളവിനുള്ള പരിധി 75,000 രൂപയാക്കി. മൂന്നു ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്ക് നികുതിയില്ല. പുതിയ നികുതി സമ്പ്രദായത്തിൽ സ്റ്റാൻഡേർഡ് നികുതിയില്ല. പുതിയ നികുതി സമ്പ്രദായത്തിൽ സ്റ്റാൻഡേർഡ് സിഡക്ഷൻ 50,000 ത്തിൽ നിന്ന് 75,000 ആക്കി. മൂന്ന് ലക്ഷം വരെ നികുതിയില്ല. മൂന്ന് മുതൽ ഏഴു ലക്ഷം വരെ 5 ശതമാനം നികുതി. 7 മുതൽ 10 ലക്ഷംവരെ 10 ശതമാനം നികുതി. 10 മുതൽ 12 ലക്ഷം വരെ 15 ശതമാനം നികുതി. 12 മുതൽ 15 ലക്ഷം വരെ 20 ശതമാനം നികുതി. 15 ലക്ഷത്തിന് മുകളിൽ 30 ശതമാനം നികുതി. ഈ മാറ്റത്തിലൂടെ പുതിയ നികുതി സമ്പ്രദായത്തിൽ 17,500 രൂപ വരെ ലാഭിക്കാം.

RNU TVPM

*******************************************************************

കാർഷികം ( ഇൻട്രോ)

കാർഷിക- അനുബന്ധ മേഖലകൾക്കായി ബജറ്റ് 1.52 ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഒരു റിപ്പോർട്ട്...............

(വോയിസ്)

കാർഷികം (വോയിസ്)

അടുത്ത രണ്ട് വർഷങ്ങൾ കൊണ്ട് രാജ്യമെമ്പാടുമുള്ള ഒരു കോടി കർഷകർക്ക് പ്രകൃതിദത്ത കൃഷിയിൽ സർട്ടിഫിക്കേഷൻ, ബ്രാൻഡിംഗ് എന്നിവക്ക് സഹായം നൽകും. പതിനായിരം ജൈവ വിഭവ കേന്ദ്രങ്ങൾ ആരംഭിക്കും. പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക ഗവേഷണ സംവിധാനങ്ങളുടെ സമഗ്രമായ വിലയിരുത്തൽ നടത്തും. ഇതിലൂടെ, കാലാവസ്ഥാ മാറ്റങ്ങളെ അതിജീവിക്കുന്നതും, ഉത്പാദന ക്ഷമത കൂടിയതുമായ വിളകളുടെ വികസനത്തിൽ ശ്രദ്ധ പതിപ്പിക്കും. ഇത്തരത്തിലുള്ള 109 വിളകൾ പുറത്തിറക്കും. കർഷകർക്ക് ഗുണകരമായ രീതിയിൽ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും. 400 ജില്ലകളിൽ വിള സർവേകൾ നടത്തും. ആറ് കോടി കർഷകരുടെയും, അവരുടെ കൃഷിഭൂമിയുടെയും വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററികളിൽ ചേർക്കും. ജൻ സമർഥ് അടിസ്ഥാനമാക്കിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് അഞ്ച് സംസ്ഥാനങ്ങളിൽ അവതരിപ്പിക്കും. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഒരു കോടി കർഷകരെ ജൈവകൃഷിയിലേയ്ക്ക് ആകർഷിക്കും. രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷക്ക് കുതിപ്പേകുന്നത് ലക്ഷ്യമിട്ട്, 'പോളവാരം' ജലസേചന പദ്ധതി പൂർത്തിയാക്കും.

*******************************************************************

അടിസ്ഥാനസൗകര്യം (ഇൻട്രോ)

ഗ്രാമീണ വികസനത്തിന് 2.66 ലക്ഷം കോടി രൂപ കേന്ദ്ര ബജറ്റിൽ വകയിരുത്തി. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ ഗ്രാമങ്ങളിലും നഗരങ്ങളിലുമായി മൂന്ന് കോടി വീടുകൾ കൂടി നിർമിക്കുമെന്ന് ധനമന്ത്രി പറഞ്ഞു.

അടിസ്ഥാനസൗകര്യം (വോയിസ്)

25,000 ഗ്രാമങ്ങളിൽ എല്ലാ കാലാവസ്ഥക്കും അനുയോജ്യമായ രീതിയിൽ റോഡുകൾ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയുടെ നാലാം ഘട്ടം ആരംഭിക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. പ്രധാനമന്ത്രി ആവാസ് യോജന-അർബൻ പദ്ധതിക്ക് കീഴിൽ 10 ലക്ഷം കോടി രൂപ മുതൽമുടക്കിൽ ഒരു കോടി പാവപ്പെട്ട, ഇടത്തരം കുടുംബങ്ങളുടെ ഭവന ആവശ്യങ്ങൾ പരിഹരിക്കും.

RNI TVPM

ഇതിന്റെ ഭാഗമായി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 2.2 ലക്ഷം കോടി രൂപയുടെ കേന്ദ്രസഹായം ഉറപ്പാക്കും. സംസ്ഥാനങ്ങളുമായി സഹകരിച്ച്, 100 വലിയ നഗരങ്ങളിൽ ജലവിതരണം, മലിനജല സംസ്കരണം, ഖരമാലിന്യ സംസ്കരണ പദ്ധതികൾ എന്നിവ പ്രോത്സാഹിപ്പിക്കുമെന്ന് ധനമന്ത്രി അറിയിച്ചു. തെരുവ് കച്ചവടക്കാർക്കുള്ള പിഎം സ്വാനിധി പദ്ധതി പ്രകാരം, അടുത്ത 5 വർഷത്തിനുള്ളിൽ തിരഞ്ഞെടുത്ത നഗരങ്ങളിൽ 100 പ്രതിവാര സ്ട്രീറ്റ് ഫുഡ് ഹബുകൾ ആരംഭിക്കും. ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കും. സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് ഇത് പ്രയോജനം ചെയ്യും. ഒരു കോടി കുടുംബങ്ങൾക്ക് പ്രതിമാസം 300 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി ലഭിക്കുന്നതിന് കേന്ദ്രം ആരംഭിച്ച പുരപ്പുറ സോളാർ പദ്ധതി കൂടുതൽ മെച്ചപ്പെടുത്തും. തദ്ദേശീയമായി ഭാരത് ചെറുകിട റിയാക്ടറുകൾ സ്ഥാപിക്കുന്നതിനും ആണവോർജത്തിനായുള്ള പുതിയ സാങ്കേതികവിദ്യകളുടെ ഗവേഷണത്തിനും വികസനത്തിനും സ്വകാര്യമേഖലയുമായി സഹകരിക്കും. 800 മെഗാവാട്ട് വാണിജ്യ പ്ലാന്റ് സ്ഥാപിക്കാൻ ധനസഹായം നൽകുമെന്നും ധനമന്ത്രി പറഞ്ഞു.

ന്യൂസ് ഡെസ്ക് ആകാശവാണി.....

*******************************************************************

തൊഴിലും നൈപുണ്യവും (ഇൻട്രോ)

വിദ്യാഭ്യാസ, നൈപുണ്യ മേഖലകൾക്ക് 1. 48 ലക്ഷം കോടി വകയിരുത്തി.

വിശദാംശങ്ങളിലേയ്ക്ക്....

(വോയിസ്)

<u>തൊഴിലും നൈപുണ്യവും (വോയിസ്)</u>

നാല് കോടി യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഒരുക്കാൻ നൈപുണ്യവികസന പദ്ധതി ആവിഷ്ക്കരിക്കും. 20 ലക്ഷം യുവാക്കൾക്ക് നൈപുണ്യ പരിശീലനം ഉറപ്പാക്കും. ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ആദ്യമാസത്തെ ശമ്പളം സർക്കാർ നൽകും. ഇ.പി.എഫ് വിഹിതമായാണ് ഇത് നൽകുന്നത്. രണ്ട്

RNU TVPM

കോടിയിലധികം യുവാക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ആയിരം വ്യവസായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും. പത്ത് ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പാ സഹായം അനുവദിക്കും. കേന്ദ്രം 3 ശതമാനം പലിശ റിബേറ്റ് നൽകും. സ്ത്രീകൾക്കായി പ്രത്യേക നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ തുടങ്ങും. ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് പലിശ രഹിത ഇ- വൗച്ചറുകൾ നൽകും. 500 വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ഒരു കോടി വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് അവസരം ഉറപ്പാക്കും. അവർക്ക് 5,000 രൂപ സ്റ്റൈപ്പന്റും 6,000 രൂപ ഒറ്റത്തവണയായും നൽകും. തൊഴിലുടമകൾക്ക് നാലുവർഷത്തെ പി.എഫ് സഹായപദ്ധതി നടപ്പാക്കും. ആദ്യമായി ജോലിക്ക് കയറുന്നവർക്ക് 15,000 രൂപയുടെ ഇപിഎഫ് എൻറോൾമെന്റ് പിന്തുണ ഉറപ്പാക്കും. മുദ്ര വായ്പയുടെ പരിധി 10 ലക്ഷത്തിൽ നിന്ന് 20 ലക്ഷമാക്കി ഉയർത്തി.

*******************************************************************

ആദിവാസി -ക്ഷേമം (ഇൻട്രോ)

ആദിവാസി സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി 'പ്രധാൻ മന്ത്രി ജൻജാതീയ ഉന്നത് ഗ്രാം അഭിയാൻ' പദ്ധതി നടപ്പിലാക്കും. ആദിവാസി മേഖലകളിലും, അഭിലാഷ ജില്ലകളിലുമായി 63,000 ഗ്രാമങ്ങളിലുള്ള അഞ്ച് കോടിയോളം ആദിവാസി ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

(ഹോൾഡ് -വോയിസ്)

*******************************************************************

ബജറ്റ് -സംസ്ഥാനം (ഇൻട്രോ)

അടിസ്ഥാന വികസനത്തിനായി സംസ്ഥാനങ്ങളെ പിന്തുണയ്ക്കുന്നതിനായി 1.5 ലക്ഷം കോടി രൂപ ദീർഘകാല പലിശ രഹിത വായ്പ അനുവദിക്കും. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്കിന്റെ 100 ശാഖകൾ സ്ഥാപിക്കും.

RNU TVPM

ബജറ്റ് -സംസ്ഥാനം (വോയിസ്)

ബിഹാർ, ഝാർഖണ്ഡ്, പശ്ചിമബംഗാൾ, ഒഡിഷ, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങൾക്കായി പൂർവോദയ പദ്ധതി കൊണ്ടുവരും. ബിഹാറിൽ പുതിയ വിമാനത്താവളം നിർമ്മിക്കും. ബിഹാറിലെ ഹൈവേ വികസനത്തിന് 26,000 കോടി അനുവദിച്ചു. പ്രളയ ദുരിതം നേരിടാൻ ബിഹാർ, അസം, ഹിമാചൽ, സിക്കിം എന്നീ സംസ്ഥാനങ്ങൾക്ക് പ്രത്യേക സഹായം. പ്രളയം നേരിടാൻ ബീഹാറിന് 11500 കോടി. ബിഹാറിലെ ഗയയിൽ വ്യവസായ പദ്ധതിയും അമൃത്സർ-കൊൽക്കത്ത വ്യവസായ ഇടനാഴിയും യാഥാർഥ്യമാക്കും. ആന്ധ്രയ്ക്കായി 15000 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കും. ഹൈദരാബാദ് - ബാംഗ്ലൂർ വ്യവസായ ഇടനാഴി പ്രവർത്തനക്ഷമമാക്കും. വികസനത്തിനായി ദേശീയ സഹകരണ നയം കൊണ്ടുവരും.
12 വ്യവസായ പാർക്കുകൾ കൂടി ഉടൻ യാഥാർത്ഥ്യമാക്കും. 100 നഗരങ്ങളിൽ വ്യവസായ പാർക്കുകൾ. ചെറുകിട ഇടത്തരം മേഖലക്ക് 100 കോടി രൂപയുടെ ധനസഹായം.സമുദ്രോൽപന്നങ്ങളുടെ കയറ്റുമതി വർധിപ്പിക്കാൻ നികുതിയിളവ് നൽകും.

ന്യൂസ് ഡെസ്ക് ആകാശവാണി....

RNU TVPM

*******************************************************************

വില കുറയും-കൂടും

മൊബൈലിനും ചാർജറിനും വില കുറയും. ലെതർ ഉത്പന്നങ്ങളുടെയും തുണിത്തരങ്ങളുടെയും വില കുറയും. ക്യാൻസർ രോഗത്തിനുള്ള മൂന്ന് മരുന്നുകൾക്ക് കൂടി കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കി.
സ്വർണം, വെള്ളി വില കുറയും. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കസ്റ്റംസ് ഡ്യൂട്ടി കുറച്ചു. പ്ലാസ്റ്റിക്കിൻ്റെ കസ്റ്റംസ് ഡ്യൂട്ടി കൂട്ടും. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വില ഉയരും.

*******************************************************************

## ബജറ്റ്-ആകെ വരവ് ചെലവ്

ധനമന്ത്രി നിർമ്മല സീതാരാമന്റെ തുടർച്ചയായ ഏഴാമത്തെ ബജറ്റാണ് ഇന്ന് അവതരിപ്പിച്ചത്. ഒന്നര മണിക്കൂറിലധികം നീണ്ടു നിൽക്കുന്നതായിരുന്നു ബജറ്റ് പ്രസംഗം. ബജറ്റ് അവതരണത്തിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി, രാഷ്ട്രപതി ഭവനിൽ, രാഷ്ട്രപതി ദ്രൗപദി മുർമുവുമായി കൂടിക്കാഴ്ച നടത്തി. കേന്ദ്ര സഹമന്ത്രി പങ്കജ് ചൗധരി, ധനവകുപ്പിൽ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരും നിർമ്മല സീതാരാമന്റെ ഒപ്പമുണ്ടായിരുന്നു. സമീപ വർഷങ്ങളിലേത് പോലെ കടലാസ് രഹിതമായിരുന്നു ഇത്തവണത്തേയും ബജറ്റ് അവതരണം.

*******************************************************************

## ബജറ്റ് - സാമ്പത്തിക രംഗം

ആഗോള സമ്പദ്വ്യവസ്ഥ ഇപ്പോഴും രാഷ്ട്രീയവും നയപരവുമായ അനിശ്ചിതത്വങ്ങളുടെയും, വിലക്കയറ്റത്തിന്റെയും പ്രശ്നങ്ങൾക്ക് നടുവിലാണ്. എന്നാൽ ഇത്തരം സാഹചര്യത്തിലും, ഇന്ത്യയുടെ സാമ്പത്തികവളർച്ച തുടരുന്നു. ഇത് വരും വർഷങ്ങളിലും തുടരുമെന്ന് കേന്ദ്ര ധനമന്ത്രി പറഞ്ഞു.

RNU TVPM

*******************************************************************

## സെൻസെക്സ്

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. മുംബൈ ഓഹരി സൂചിക സെൻസെക്സ് 616 പോയിന്റ് ഇടിഞ്ഞ് 79,885 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 195 പോയിന്റ് ഇടിഞ്ഞ് 24,313 ലും വ്യാപാരം തുടരുന്നു.

*******************************************************************

## നീറ്റ്- സുപ്രീംകോടതി

നീറ്റ് ചോദ്യങ്ങളിലെ പിഴവ് പരിശോധിക്കാൻ ഐ.ഐ.ടി ഡൽഹിയെ നിയോഗിച്ച് സുപ്രീംകോടതി. കഴിഞ്ഞ മെയിൽ നടന്ന നീറ്റ് - യു.ജി പരീക്ഷയിൽ ഒരു ഫിസിക്സ് ചോദ്യത്തിന് രണ്ടു ശരി

ഉത്തരം ഓപ്ഷൻ നൽകാനുള്ള ദേശീയ പരീക്ഷ ഏജൻസിയുടെ തീരുമാനം വിദഗ്ധ സംഘത്തിന്റെ സഹായത്തോടെ പരിശോധിച്ച് റിപ്പോർട്ട് നൽകാനാണ് സുപ്രീംകോടതി നിർദ്ദേശം.

*******************************************************************

## കുടുംബശ്രീ കൃഷി

ഓണവിപണിയിൽ പൂക്കളെത്തിക്കുന്നതിനായി കുടുംബശ്രീ കർഷക സംഘങ്ങൾ പൂ കൃഷി ചെയ്യുന്ന 'നിറപ്പൊലിമ', വിഷരഹിത പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിനായുള്ള 'ഓണക്കനി' എന്നീ പദ്ധതികൾക്ക് ഇന്ന് തുടക്കം. ജമന്തി, മുല്ലപ്പൂ, ചെണ്ടുമല്ലി, വാടാമുല്ല എന്നിവ സംസ്ഥാനത്ത് ആയിരത്തിലധികം ഏക്കറിലെൽ കൃഷി ചെയ്യുന്നതിനാണ് 'നിറപ്പൊലിമ' ലക്ഷ്യമിടുന്നത്. 'ഓണക്കനി' തീവ്ര കാർഷിക പദ്ധതിയുടെ ഭാഗമായി ഈ വർഷം 2500 ഹെക്ടർ സ്ഥലത്ത് വിവിധ തരം പച്ചക്കറികൾ കൃഷി ചെയ്യും.

*******************************************************************

## നിപ്പ- കേരളം

സംസ്ഥാനത്ത് നിപ ജാഗ്രത തുടരുന്നു. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള BSL-3 മൊബൈൽ ലാബ് ഇന്നലെ കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തി. ICMR സംഘം ക്രമീകരണങ്ങൾ വിലയിരുത്തുന്നുണ്ട്. നിപ ബാധിച്ച് മരിച്ച കുട്ടിയുടെ സമ്പർക്കപ്പട്ടികയിലുള്ളവർ നിരീക്ഷണത്തിലാണ്.

*******************************************************************

## ഗംഗാവലി തെരച്ചിൽ

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തെരച്ചിൽ എട്ടാം ദിവസമായ ഇന്നും തുടരുന്നു. ഇന്നലെ റഡാർ സിഗ്നൽ പ്രകാരം കരയിൽ തെരച്ചിൽ നടത്തിയെങ്കിലും ലോറി കണ്ടെത്താനായില്ല. വിദഗ്ധരുടെ നേതൃത്വത്തിൽ ഗംഗാവലി നദി കേന്ദ്രീകരിച്ചാണ് ഇന്ന് തെരച്ചിൽ നടത്തുന്നത്.

*******************************************************************

KNU TVPM

## കെ.കെ. രമയുടെ പിതാവ്

കെ.കെ.രമ എംഎൽഎയുടെ പിതാവും കോഴിക്കോട് നടുവണ്ണൂർ മുൻ പഞ്ചായത്ത് പ്രസിഡന്റുമായ കെ.കെ.മാധവൻ അന്തരിച്ചു. സംസ്കാരം വൈകിട്ട് വീട്ടു വളപ്പിൽ.

*******************************************************************

## ഒളിമ്പിക് ഓർഡർ

ഒളിമ്പിക് പ്രസ്ഥാനത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ച് ഇന്ത്യൻ ഷൂട്ടിങ് താരവും ഒളിമ്പിക്സ് സ്വർണ്ണ മെഡൽ ജേതാവുമായ അഭിനവ് ബിന്ദ്രക്ക്, 'ഒളിമ്പിക് ഓർഡർ' പുരസ്കാരം. അടുത്ത മാസം പാരീസിൽ നടക്കുന്ന ഒളിമ്പിക് കമ്മിറ്റി സമ്മേളനത്തിൽ 'ഒളിമ്പിക് ഓർഡർ' സമ്മാനിക്കും.

*******************************************************************

## ഏഷ്യ കപ്പ് ക്രിക്കറ്റ്

ഏഷ്യാ കപ്പ് വനിതാ ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് നേപ്പാളിനെ നേരിടും. രാത്രി ഏഴ് മണിക്ക് ശ്രീലങ്കയിലെ ദംബുല്ലയിലാണ് മത്സരം. പാകിസ്ഥാനും, യു എ ഇ ക്കുമെതിരെയുള്ള മത്സരങ്ങൾ വിജയിച്ച ഇന്ത്യൻ ടീം, ഗ്രൂപ്പ് എ യിൽ ഒന്നാമതാണ്.

RIUTVPM

*******************************************************************

## ദേശീയ പ്രക്ഷേപണ ദിനം

ഇന്ന് ദേശീയ പ്രക്ഷേപണ ദിനം. രാജ്യത്തിന്റെ വികസനത്തിനും, വിദ്യാഭ്യാസ-സംസ്കാരിക പുരോഗതിക്കും റേഡിയോ പ്രക്ഷേപണം വഹിക്കുന്ന പങ്ക് ഉയർത്തിക്കാട്ടുന്നതാണ് ദിനാഘോഷം. 1927 ജൂലൈ 23 ന് രാജ്യത്തെ ആദ്യ റേഡിയോ കമ്പനിയായ ഇന്ത്യ ബ്രോഡ്കാസ്റ്റിംഗ് കമ്പനി ആരംഭിച്ചതിന്റെ ഓർമയിലാണ് പ്രക്ഷേപണ ദിനാചാരണം. 1936-ൽ, കമ്പനി ALL INDIA RADIO എന്ന പേരിൽ പ്രക്ഷേപണം ആരംഭിച്ചു.

*******************************************************************

**ചന്ദ്രശേഖർ ആസാദ്**

**വിഖ്യാത സ്വാതന്ത്ര്യ സമര സേനാനിയും വിപ്ലവകാരിയുമായ ചന്ദ്രശേഖർ ആസാദിന്റെ ജന്മദിനത്തിൽ ആദരാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അചഞ്ചലമായ ധൈര്യവും പ്രതിബദ്ധതയുമുള്ള നിർഭയനായ സമര നായകനായിരുന്നു ആസാദെന്ന് പ്രധാനമന്ത്രി പറഞ്ഞു. ആദ്ദേഹത്തിന്റെ ആശയങ്ങളും ചിന്തകളും യുവാക്കളുൾപ്പെടെ ദശലക്ഷക്കണക്കിന് ആളുകളുടെ ഹൃദയത്തിലും മനസ്സിലും പ്രതിധ്വനിക്കുമെന്ന് ശ്രീ മോദി കൂട്ടിച്ചേർത്തു.**

**************************************************************

**സർവ്വകക്ഷി യോഗം**

**മാലിന്യമുക്തം നവകേരളം പദ്ധതി ആലോചിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവ്വകക്ഷിയോഗം വിളിച്ചു. ജൂലൈ 27 ശനിയാഴ്ച വൈകിട്ട് 3.30 നാണ് യോഗം. ജനകീയ ക്യാമ്പയിനായി മാലിന്യമുക്ത പരിപാടി ഏറ്റെടുക്കാനാണ് ആലോചിക്കുന്നത്.**

*********************************************************************************

********************************************

RNU TVPM